# കേരള നിയമസഭ
# 09.06.2014–ലെ മറുപടിക്ക്

## പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം
2014 ജൂൺ 9 തിങ്കൾ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
ആകെ ചോദ്യങ്ങൾ 335

| മറുപടി നൽകുന്ന മന്ത്രിമാർ | | ചോദ്യനമ്പർ |
|---|---|---|
| മുഖ്യമന്ത്രി | : | 1 മുതൽ 89 വരെ |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | : | 90 മുതൽ 141 വരെ |
| ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി | : | 142 മുതൽ 267 വരെ |
| വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി | : | 268 മുതൽ 335 വരെ |

<u>മിഷൻ 676 പദ്ധതി</u>

1 ശ്രീ. ബെന്നി ബെഹനാൻ
,, എം.എ. വാഹീദ്
,, എ.റ്റി. ജോർജ്
,, റ്റി.എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിഷൻ 676 പദ്ധതികളുടെ പ്രഖ്യാപനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി ഏതെല്ലാം വകുപ്പുകളുടെ പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കാമോ;

(ഡി) ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

'മിഷൻ 676'

2 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ വികസന സങ്കൽപമായ ''മിഷൻ 676'' ന് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ബി) ഇവയുടെ ഫണ്ട് ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ടോ;

(സി) ഇവയുടെ നടത്തിപ്പ്, അവലോകനം എന്നിവ സമയബന്ധിതമാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>സുതാര്യ കേരളം ജില്ലാതല സെല്ലുകൾ</u>

3 ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'സുതാര്യ കേരളം' ജില്ലാതല സെല്ലുകളുടെ പ്രവർത്തനം വിപുലപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുവോ; വിശദാംശങ്ങൾ നല്കുമോ;

(ബി) നിലവിൽ ഏതെല്ലാം ജില്ലകളിലാണ് പ്രസ്തുത സെല്ലുകളുടെ സേവനം ലഭ്യമായിട്ടുളളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സെല്ലുകൾ മുഖാന്തിരം പൊതുജനങ്ങൾക്ക് ലഭ്യമായിക്കൊണ്ടിരിക്കുന്ന സേവനങ്ങൾ എന്തെല്ലാമാണ്;

(ഡി) സുതാര്യ കേരളം ജില്ലാതല സെല്ലുകളുടെ കാര്യക്ഷമത ഉറപ്പുവരുത്താൻ ഫലപ്രദമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

<u>അധികാര ലഘൂകരണ നടപടികൾ</u>

4 ശ്രീ. എ. എം ആരിഫ്
'' സാജു പോൾ
'' കെ. വി. വിജയദാസ്
'' പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലോകത്തോടൊപ്പം കുതിക്കാനുള്ള ഭരണരംഗത്തെ അധികാര ലഘൂകരണ നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ;

(ബി) സംസ്ഥാനത്തെ ജനങ്ങളുടെ നീറുന്ന ജീവിത പ്രശ്നങ്ങളിൽ ഇതുമൂലം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കാവുന്ന നേട്ടങ്ങൾ വെളിപ്പെടുത്താമോ;

(സി) അധികാരം ലഘൂകരിച്ച് നടപ്പാക്കുന്ന പുതിയ പദ്ധതിയും അതിനായി കണ്ടെത്തുന്ന പുതിയ ധനസ്രോതസ്സുകളും വ്യക്തമാക്കാമോ;

(ഡി) ഇപ്രകാരമുള്ള പുതിയ പദ്ധതി നടത്തിപ്പുകളുടെ കൗണ്ട്ഡൗൺ എന്നു മുതൽ ആരംഭിക്കുമെന്നു കൂടി വിശദമാക്കാമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>പാചക വാതക വിതരണം</u>

5 ശ്രീ. സി. പി. മുഹമ്മദ്
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
ശ്രീ. ഹൈബി ഈഡന്‍
ശ്രീ. വി. ഡി. സതീശന്‍

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

പാചക വാതകം കൊണ്ടു പോകുന്ന എല്‍. പി. ജി. ബുള്ളറ്റ് ടാങ്കറുകളുടെ അപകട ഭീഷണി ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

ഭരണ മികവിന് ദേശീയ-അന്തർദേശീയ അംഗീകാരം

6 ശ്രീ. വർക്കല കഹാർ
,, പി. എ. മാധവൻ
,, വി. ഡി. സതീശൻ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭരണ മികവിന് സംസ്ഥാനത്തിന് ദേശീയ തലത്തിലും അന്തർദേശീയ തലത്തിലും അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം രംഗങ്ങളിലാണ് ശ്രദ്ധേയമായ നേട്ടങ്ങളും അംഗീകാരവും ലഭിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഏതെല്ലാം മേഖലകളിലാണ് കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് കൂടുതൽ മികവ് കൈവരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത മികവ് മറ്റ് രംഗങ്ങളിലും നേടുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

<u>കേന്ദ്രഗവണ്‍മെന്റില്‍ നിന്നും ആനുകൂല്യങ്ങള്‍ നേടിയെടുക്കാന്‍ നടപടി</u>

7 ശ്രീ. എം.ഹംസ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തിന്റെ അവകാശങ്ങള്‍ കേന്ദ്രഗവണ്‍മെന്റില്‍ നിന്നും നേടിയെടുക്കുന്നതിനായി എന്തെല്ലാം വിഷയങ്ങള്‍ ആണ് പുതിയ കേന്ദ്ര സര്‍ക്കാരിന് മുമ്പാകെ സമര്‍പ്പിക്കുന്നതിനായി സര്‍ക്കാര്‍ തയ്യാറാക്കിയതെന്ന് വിശദീകരിക്കാമോ;

(ബി) മേല്‍ വിഷയങ്ങളില്‍ മുന്‍ഗണനാക്രമം നിര്‍ണ്ണയിക്കുന്നതിനായി എല്ലാ രാഷ്ട്രീയ പാര്‍ട്ടികളുടേയും യോഗം വിളിച്ചു ചേര്‍ക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ ആവശ്യങ്ങള്‍ നേടിയെടുക്കുന്നതിനായി ഒരു ആള്‍പാര്‍ട്ടി ഡെലിഗേഷന്‍ പ്രധാനമന്ത്രിയെ സന്ദര്‍ശിക്കുവാന്‍ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

<u>സ്വപ്ന പദ്ധതികളുടെ സാക്ഷാത്കരണം</u>

8 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

കേന്ദ്രത്തിൽ പുതിയ സർക്കാർ അധികാരത്തിൽ വന്ന സാഹചര്യത്തിൽ കേരളത്തിന്റെ സ്വപ്നപദ്ധതികളായ വിഴിഞ്ഞം, പാലക്കാട് കോച്ച് ഫാക്ടറി, പ്രത്യേക റെയിൽവേ സോൺ, മോണോ റെയിൽ തുടങ്ങിയ പദ്ധതികളുടെ സാക്ഷാത്കാരത്തിനായി പ്രതിപക്ഷ കക്ഷികളുമായി കൂടിയാലോചിച്ച് ഒരു കൂട്ടായ പരിശ്രമത്തിന് ശ്രമിക്കുമോ; ഇക്കാര്യത്തിൽ നയം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 09.06.2014–ലെ മറുപടിക്ക്

<u>ഗവർണ്ണറുടെ നയപ്രഖ്യാപനത്തിലെ പദ്ധതികൾ</u>

9 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2014 വർഷത്തിൽ ഗവർണ്ണറുടെ നയപ്രഖ്യാപനത്തിൽ പ്രഖ്യാപിച്ച പദ്ധതികൾ ഏതെല്ലാം ; വിശദമാക്കുമോ ;

(ബി) ഓരോ പദ്ധതിയ്ക്കും എന്തു തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പ്രഖ്യാപനമനുസരിച്ച് ഇതിനകം ആരംഭിച്ച പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

<u>ഫാക്ടിനുള്ള സാമ്പത്തിക പാക്കേജ്</u>

10 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫാക്ടിന്റെ പ്രതിസന്ധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഫാക്ടിനുവേണ്ടി ശുപാർശ ചെയ്ത സാമ്പത്തിക പാക്കേജിന് അനുമതി ലഭിക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ?

# കേരള നിയമസഭ
## 09.06.2014–ലെ മറുപടിക്ക്

<u>ജനസമ്പർക്ക പരിപാടി രണ്ടാം ഘട്ടം</u>

11 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, എ. റ്റി. ജോർജ്
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനസമ്പർക്ക പരിപാടിയുടെ രണ്ടാം ഘട്ടം പൂർത്തിയായിട്ടുണ്ടോ;

(ബി) പ്രസ്തുത പരിപാടിയുടെ ഒന്നാം ഘട്ടത്തിൽ നിന്ന് വ്യത്യസ്ഥമായ എന്തെല്ലാം മാറ്റങ്ങളാണ് രണ്ടാം ഘട്ടത്തിൽ വരുത്തിയിട്ടുളളത്;

(സി) പരാതികൾ സ്വീകരിക്കാനും അവയ്ക്ക് പരിഹാരം കാണുവാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളത്;

(ഡി) പ്രസ്തുത പരാതികളിന്മേൽ വകുപ്പ് തലത്തിൽ എന്തെല്ലാം തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

ജനസമ്പർക്ക പരിപാടി

12 ശ്രീ. വി. പി. സജീന്ദ്രൻ
'' ജോസഫ് വാഴക്കൻ
'' തേറമ്പിൽ രാമകൃഷ്ണൻ
'' ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനങ്ങളെ നേരിൽകണ്ട് അവരുടെ പ്രയാസങ്ങൾ പരിഹരിക്കുകയും അവരിൽ നിന്ന് പാഠങ്ങൾ ഉൾക്കൊള്ളുകയും ചെയ്യുന്ന സംസ്ഥാനത്തെ ഭരണരീതിക്ക് ഐക്യരാഷ്ട്രസഭയുടെ പുരസ്കാരം ലഭിച്ചിട്ടുണ്ടോ,

(ബി) ആയത് സംബന്ധിച്ച് യു.എൻ.ഡി.പി.യുടെ അഭിപ്രായങ്ങൾ എന്തെല്ലാമായിരുന്നു; വിശദാംശങ്ങൾ ലഭ്യമാക്കുമോ:

(സി) പ്രസ്തുത ഭരണരീതി പഠനവിധേയമാക്കുവാൻ യു.എൻ.ഡി.പി തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

<u>രണ്ടാംഘട്ട ജനസമ്പർക്ക പരിപാടി</u>

13 ശ്രീ. ജോസഫ് വാഴക്കൻ
,, ഹൈബി ഈഡൻ
,, എം.എ. വാഹീദ്
,, വി.ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ രണ്ടാംഘട്ട ജനസമ്പർക്ക പരിപാടി പൂർത്തിയാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പരിപാടിയിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഏതെല്ലാം കാര്യങ്ങൾക്കാണ് പ്രസ്തുത പരിപാടിയിൽ പരിഹാരം കണ്ടെത്താനായത്; വിശദമാക്കുമോ;

(ഡി) രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയിൽ ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് തടസ്സമായിട്ടുള്ള നിയമങ്ങളിലും ചട്ടങ്ങളിലും കൂടുതൽ മാറ്റങ്ങൾ വരുത്തേണ്ട കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയുടെ തുടർനടപടി</u>

14 ശ്രീ. അൻവർ സാദത്ത്
,, വി. പി. സജീന്ദ്രൻ
,, ലൂഡി ലൂയിസ്
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയുടെ തുടർനടപടിക്കായി അവലംബിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ആയതിനായി ജില്ലകൾതോറും പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) ആയതിന്റെ ചുമതലയും നേതൃത്വവും ആർക്ക് നൽകാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) ആയതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

ഒന്നാം ഘട്ട ജനസമ്പർക്ക പരിപാടി

15 ശ്രീ. സണ്ണി ജോസഫ്
,, ഹൈബി ഈഡൻ
,, റ്റി. എൻ. പ്രതാപൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒന്നാം ഘട്ട ജനസമ്പർക്ക പരിപാടിയെക്കുറിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇത് വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ജനസമ്പർക്ക പരിപാടി മുഖേന ലഭിക്കുന്ന പരാതികളിൽ പരിഹാരം കാണുവാൻ ഭരണപരമായ നടപടിക്രമങ്ങളിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ഡി) പ്രസ്തുത പരിപാടിയുമായി ബന്ധപ്പെട്ട് എത്ര സർക്കാർ ഉത്തരവുകളാണ് പുറപ്പെടുവിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

## ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച അപേക്ഷകളിൽ തീരുമാനം

16 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച അപേക്ഷകളിൽ/ഹർജികളിൽ തീരുമാനം എടുക്കുന്നതിന് നിലവിലെ നിയമങ്ങളിൽ/ചട്ടങ്ങളിൽ/ഉത്തരവുകളിൽ ഭേദഗതി വരുത്തേണ്ടതായി വന്നിട്ടുണ്ടോ ;

(ബി) സർക്കാർ വകുപ്പുകളിലെ വിവിധ ഓഫീസുകളിൽ ഫയലുകളിൽ തീരുമാനം എടുക്കുന്നതിന് നിയമ/ചട്ടങ്ങളുടെ ഭേദഗതി പരിഷ്ക്കരണം ആവശ്യമുണ്ടോയെന്ന കാര്യത്തിൽ അവസാനമായി എന്നാണ് പഠനം നടത്തിയത് ; ഈ പഠനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(സി) ജനസമ്പർക്ക പരിപാടിയിൽ അപേക്ഷകൾ/ഹർജികൾ തീർപ്പാക്കുന്നതിന് നിയമ/ചട്ടങ്ങളുടെ ഭേദഗതി ആവശ്യമില്ലാത്ത സംഗതിയിൽ ബന്ധപ്പെട്ട ഓഫീസുകളുടെ വീഴ്ച ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത്തരം വീഴ്ച ആവർത്തിക്കാതിരിക്കാൻ നൽകിയ നിർദ്ദേശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

**രണ്ടാം പൊതുജനസമ്പർക്ക പരിപാടിയിൽ കാസർഗോഡ് ജില്ലയിൽ നിന്നുള്ള പരാതികൾ**

17 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ രണ്ടാം പൊതുജന സമ്പർക്ക പരിപാടിയിൽ കാസർഗോഡ് ജില്ലയിൽനിന്നുള്ള എത്ര പരാതികളാണ് സമർപ്പിക്കപ്പെട്ടത്;

(ബി) അവയിൽ എത്ര പരാതികളിൽ തീർപ്പായിട്ടുണ്ട്;

(സി) തീർപ്പിനായി ശേഷിച്ചിട്ടുള്ളവ എത്രയാണ്; അവയിൽ അടിയന്തരമായി തീർപ്പുണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 09.06.2014–ലെ മറുപടിക്ക്

<u>സേവനാവകാശ നിയമം</u>

18 ശ്രീ. ലൂഡി ലൂയിസ്
'' എ. റ്റി. ജോർജ്ജ്
'' പി. സി. വിഷ്ണുനാഥ്
'' വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സേവനാവകാശ നിയമം നടപ്പാക്കുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം വകുപ്പുകളിലാണ് പ്രസ്തുത നിയമം നടപ്പാക്കിയിട്ടുളളത്;

(സി) എല്ലാ വകുപ്പുകളിലും പ്രസ്തുത നിയമം നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത നിയമം നടപ്പാക്കുന്ന പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(ഇ) സേവനങ്ങൾ ഓൺലൈൻ വഴി ലഭിക്കുന്നതിനും കൂടുതൽ മേഖലകൾ പ്രസ്തുത നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
# 09.06.2014–ലെ മറുപടിക്ക്

<u>സേവനാവകാശ നിയമം</u>

19 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

സേവനാവകാശനിയമം ഏതെല്ലാം വകുപ്പുകളിലാണ് ഇപ്പോൾ നടപ്പിലാക്കിയിരിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 09.06.2014–ലെ മറുപടിക്ക്

## സേവനാവകാശ നിയമം കാര്യക്ഷമമാക്കുന്നതിന്

20 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കിയിട്ടുള്ള സേവനാവകാശ നിയമം കാര്യക്ഷമമാക്കുന്നതിന് നാളിതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കുമോ;

(ബി) പ്രസ്തുത നിയമം പൊതു സമൂഹത്തിന് പരമാവധിസഹായകമാക്കുവാൻ വേണ്ടി ഇതുമായി ബന്ധപ്പെട്ട് ഒരു നിരീക്ഷണ സംവിധാനം ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

**പങ്കാളിത്ത പെൻഷനെതിരെയുള്ള സർവ്വീസ് സംഘടനാ പണിമുടക്കും ഒത്തുതീർപ്പ് വ്യവസ്ഥകളും**

21

പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി ആരംഭിച്ചതു മൂലം ചില സർവ്വീസ് സംഘടനകൾ പണിമുടക്കിലേർപ്പെടുകയും സർക്കാരിന്റെ ചർച്ചയെ തുടർന്ന് ഒത്തുതീർപ്പാക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ എടുത്ത തീരുമാനങ്ങൾ എല്ലാം നടപ്പിലാക്കിയോ എന്ന് വിശദമാക്കാമോ;

(ബി) ഇല്ലെങ്കിൽ ഏതെല്ലാം തീരുമാനങ്ങളാണ് ഇനിയും നടപ്പിലാക്കേണ്ടത് എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 09.06.2014–ലെ മറുപടിക്ക്

<u>സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം</u>

22 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകൾ, എയ്ഡഡ് ഉൾപ്പടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ എന്നിവയിലെ ജീവനക്കാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പബ്ലിക് എക്സ്പെൻഡീച്ചർ റിവ്യൂ കമ്മിറ്റി ഇതുസംബന്ധിച്ച് എന്തെല്ലാം ശുപാർശകളാണ് സമർപ്പിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 09.06.2014–ലെ മറുപടിക്ക്

പൊതുമേഖലാ സ്ഥാപനങ്ങളിലെ പെൻഷൻ പ്രായം

23 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളിൽ പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കി എന്നു വ്യക്തമാക്കുമോ ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളിലെ പെൻഷൻ പ്രായം ഇപ്പോൾ എത്രയാണെന്നും ഈ സർക്കാർ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളിലെ പെൻഷൻ പ്രായം ഉയർത്തി നൽകി എന്നും വിശദമാക്കുമോ ?

## കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

പെൻഷൻ പ്രായം വർദ്ധിപ്പിക്കൽ

24 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതൊക്കെ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലുമാണ് പെൻഷൻ പ്രായം വർദ്ധിപ്പിച്ചിട്ടുള്ളത് ; വകുപ്പ് തിരിച്ച് വിശദാംശം നൽകുമോ;

(ബി) പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നത് ഉദ്യോഗാർത്ഥികളെ ദോഷകരമായി ബാധിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) യുവാക്കൾക്ക് പുതിയ തൊഴിലവസരങ്ങൾ ലഭ്യമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ വകുപ്പുകളിൽ നിന്നും വിരമിച്ച എത്ര ജീവനക്കാർക്ക് വിവിധ വകുപ്പുകളിൽ പുനർനിയമനം നൽകിയിട്ടുണ്ട്; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിൽ ജനസമ്പർക്ക പരിപാടിയിൽ ബി.പി.എൽ - ലേയ്ക്ക് മാറ്റിയ റേഷൻ കാർഡുകൾ</u>

25 ശ്രീ. എ.പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ നടന്ന മുഖ്യമന്ത്രിയുടെ രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയിൽ എ.പി.എൽ റേഷൻ കാർഡിൽ നിന്നും ബി.പി.എൽ - ലേക്ക് മാറ്റുന്നതിനുള്ള അപേക്ഷകൾ എത്ര പേരിൽ നിന്നും ലഭിച്ചു;

(ബി) പ്രസ്തുത അപേക്ഷകരുടെ പേരും മേൽവിലാസവും വ്യക്തമാക്കാമോ;

(സി) ഇതിൽ ബി.പി.എൽ - ലേക്ക് മാറ്റിയവരുടെ പേരും മേൽ വിലാസവും ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

ഭരണഭാഷ മാതൃഭാഷയാക്കാനുള്ള നടപടികൾ

26 ശ്രീ. പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഔദ്യോഗിക ഭാഷാ നിയമം പാസാക്കി നടപ്പിലാക്കണം എന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച നിയമം തയ്യാറാക്കിയിട്ടുണ്ടോ;

(സി) പ്രധാനപ്പെട്ട ഏതെല്ലാം നിർദ്ദേശങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത് എന്ന് വിശദീകരിക്കാമോ;

(ഡി) പതിമൂന്നാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിൽ ഔദ്യോഗിക ഭാഷാ നിയമബിൽ അവതരിപ്പിച്ച് പാസ്സാക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) മാതൃഭാഷ ഭരണഭാഷയാക്കണമെന്നുള്ള വിജ്ഞാപനം വന്നു കഴിഞ്ഞിട്ടും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടും 50 ശതമാനം ഫയലുകളിൽ താഴെ മാത്രം മാതൃഭാഷ കൈകാര്യം ചെയ്യുന്ന വകുപ്പ് തലവൻമാർക്കും ബന്ധപ്പെട്ടവർക്കുമെതിരെ നടപടി സ്വീകരിക്കുമോ;

(എഫ്) ഭരണഭാഷ മാതൃഭാഷയാക്കാൻ പ്രഖ്യാപനം ചെയ്ത വകുപ്പുകൾക്ക് അത് നടപ്പിലാക്കുവാൻ എത്ര രൂപയാണ് സർക്കാർ അനുവദിച്ചിട്ടുള്ളത്;

(ജി) സെക്രട്ടറിയേറ്റിൽ ഔദ്യോഗിക ഭാഷാ വകുപ്പിൽ മറ്റു വകുപ്പുകളിലേതുപോലെ ആവശ്യമായ ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

<u>വിജ്ഞാപനങ്ങളും സർക്കുലറുകളും ഉത്തരവുകളും വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്താൻ നടപടി</u>

27 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളിൽ നിന്നും പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങളും ഗവൺമെന്റ് ഉത്തരവുകളും സർക്കുലറുകളും യഥാസമയം സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടലിൽ വെളിപ്പെടുത്തുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പ്രഖ്യാപനത്തിനുശേഷം നാളിതുവരെ ഓരോ സർക്കാർ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച വിജ്ഞാപനങ്ങൾ/ജി.ഒ/സർക്കുലറുകൾ എത്ര വീതമാണെന്ന് വ്യക്തമാക്കാമോ;

(സി) ഇതിൽ നാളിതുവരെ വെബ്പോർട്ടലിൽ പ്രസിദ്ധീകരിച്ചിട്ടില്ലാത്തവ എത്ര വീതമാണെന്ന് വ്യക്തമാക്കാമോ;

(ഡി) യഥാസമയം വെബ്പോർട്ടലിൽ പ്രസിദ്ധീകരിക്കാത്തതിന്റെ പേരിൽ ഏതെങ്കിലും ഗവൺമെന്റ് സെക്രട്ടറിക്കെതിരെ എന്തെങ്കിലും ശിക്ഷാനടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 09.06.2014–ലെ മറുപടിക്ക്

ബി. പി. എൽ. കാർഡിനുള്ള അപേക്ഷകൾ
നിരസിച്ചവർക്കെതിരെയുള്ള നടപടി

28 ശ്രീ. പി.തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിലൂടെ ആലപ്പുഴ ജില്ലയിൽ എത്ര എ.പി.എൽ. റേഷൻ കാർഡുകൾ ബി.പി.എൽ ആക്കി നൽകി എന്നു പറയാമോ; ഈ ഇനത്തിൽ ജനസമ്പർക്ക പരിപാടിയിൽ കിട്ടിയ അപേക്ഷകൾ എത്രയാണെന്നും പറയുമോ;

(ബി) ചേർത്തല താലൂക്കിൽപ്പെട്ട എത്രപേർക്ക് ഈ ഇനത്തിൽ ബി.പി.ൽ. റേഷൻ കാർഡുകൾ ലഭിച്ചു എന്ന് പറയാമോ;

(സി) ജനസമ്പർക്ക പരിപാടിയിലൂടെ ബി.പി.എൽ.ആക്കുന്നതിന് ലഭിച്ചവയും ബി.പി.എൽ. റേഷൻ കാർഡ് നൽകിയവയുമായ അപേക്ഷകർക്ക് മുമ്പ് സപ്ലൈ ഓഫീസുകളിൽ അപേക്ഷിച്ചപ്പോൾ ഉദ്യോഗസ്ഥർ ബി.പി.എൽ. ആക്കി നൽകാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത അപേക്ഷകളിൽ ഉചിതമായ നടപടി കൈക്കൊള്ളാതിരുന്ന ഉദ്യോഗസ്ഥർക്കെതിരെ നിയമനടപടികൾ കൈക്കൊള്ളുമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>ഫയലുകളിൽ തീരുമാനം കൈക്കൊള്ളുന്നതിലെ കാലതാമസം</u>

29 ശ്രീ. രാജു എബ്രഹാം
,, ബി. സത്യൻ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭരണത്തിന്റെ ഉന്നതതലങ്ങളിൽ ഫയലുകളിൽ തീരുമാനം കൈക്കൊള്ളുന്നതിലെ കാലതാമസവും കെടുകാര്യസ്ഥതയും ക്രമക്കേടുകളും മൂലം സർക്കാർ ആപ്പീസുകളെ സമീപിക്കുന്ന സാധാരണ ജനങ്ങൾ അനുഭവിക്കുന്ന ദുരിതങ്ങൾ സർക്കാർ മനസ്സിലാക്കിയിട്ടുണ്ടോ;

(ബി) ഗവ. സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിലും അതിൻകീഴിലുള്ള ഡയറക്ടറേറ്റുകളിലുമായി തീരുമാനം പ്രതീക്ഷിച്ച് പെന്റിംഗിലായിട്ടുള്ള ഫയലുകളുടെ അടിസ്ഥാനത്തിൽ ഇക്കാര്യം സർക്കാർ അവലോകനം നടത്തിയിട്ടുണ്ടോ;

(സി) 2014 മേയ് 31ന് തീരുമാനത്തിനായി പരിഗണനയിലുള്ള സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിലേയും അതിൻകീഴിലുള്ള ഡയറക്ടറേറ്റുകളിലെയും ഫയലുകളെ സംബന്ധിച്ച കണക്കുകൾ ലഭ്യമാണോ;

(ഡി) ഇതേ ദിവസം മന്ത്രിമാരുടെ പരിഗണനയിലിരിക്കുന്ന ഫയലുകൾ എത്രയായിരുന്നു; അവയിൽ ഒരാഴ്ചയിലധികമായി പെന്റിംഗിലായിട്ടുള്ളവ എത്ര; വിശദമാക്കാമോ;

(ഇ) ഫയലുകളിൽ സമയബന്ധിതമായി തീരുമാനം എടുക്കാൻ മാതൃകാപരമായി പ്രവർത്തിക്കാൻ മന്ത്രിമാർ ഉൾപ്പെടെ തയ്യാറാകുമോ?

# കേരള നിയമസഭ
# 09.06.2014–ലെ മറുപടിക്ക്

<u>ഫയൽ തീർപ്പ് മേളകൾ</u>

30 ശ്രീ. മോൻസ് ജോസഫ്
,, സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലോക്സഭാ തെരഞ്ഞെടുപ്പിനെ തുടർന്ന് പെരുമാറ്റച്ചട്ടം പ്രഖ്യാപിച്ചത് മൂലം തീരുമാനം എടുക്കാൻ കഴിയാത്ത നിരവധി ഫയലുകൾ ഉണ്ടെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പ്രശ്നം പരിഹരിക്കുന്നതിന് സെക്രട്ടേറിയറ്റിലും, ജില്ലാ ഭരണകേന്ദ്രങ്ങളിലും ഫയൽ തീർപ്പ്മേളകൾ സംഘടിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ?

**കേരള നിയമസഭ**
**09.06.2014–ലെ മറുപടിക്ക്**

തീർപ്പാക്കാതെ കിടക്കുന്ന ഫയലുകൾ

31 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽ വിവിധ വകുപ്പുകളിലായി എത്ര ഫയലുകളാണ് നടപടി പൂർത്തീകരിക്കാതെ കെട്ടികിടക്കുന്നത്; വിശദവിവരം നൽകുമോ;

(ബി) ജനസമ്പർക്കപരിപാടികൾ എല്ലാ ജില്ലകളിലും നടത്തിയിട്ടും ഇത്രയേറെ ഫയലുകൾ കെട്ടിക്കിടക്കുവാനുള്ള കാരണം വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ വീഴ്ച പരിശോധിച്ച് നടപടി സ്വീകരിക്കുമോ; നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 09.06.2014–ലെ മറുപടിക്ക്

<u>പലിശരഹിത ബാങ്ക് സ്ഥാപിക്കുന്നതിന് നടപടി</u>

32 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ പണമിടപാടുകാരിൽ നിന്നും പണം പലിശയ്ക്കെടുത്തു കെണിയിലായവരേയും, ആത്മഹത്യാഘട്ടത്തിലായ കുടുംബങ്ങളേയും, സാധാരണക്കാരേയും രക്ഷിക്കുന്നതിനായി എന്തെല്ലാം സഹായങ്ങൾ നൽകുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കൊള്ളപ്പലിശയ്ക്ക് കടമെടുത്ത് തിരിച്ചുനൽകാനാവാതെ ആത്മഹത്യയും മറ്റും പെരുകി വരുന്ന സാഹചര്യം പരിഗണിച്ച് സംസ്ഥാനത്ത് ''പലിശരഹിത ബാങ്ക്'' സ്ഥാപിക്കുന്നതിന് മുൻകൈ എടുക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>ആശ്രിത നിയമനം</u>

33 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആശ്രിത നിയമനത്തിനായി എത്ര അപേക്ഷകൾ നിലവിലുണ്ട് എന്ന് വകുപ്പ് തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ബി) കഴിഞ്ഞ നാല് വർഷങ്ങളിൽ കോഴിക്കോട് ജില്ലയിൽ നിന്നും ആശ്രിത നിയമനത്തിനായി ആരുടെയൊക്കെ അപേക്ഷ ലഭിച്ചു എന്നും ഏതൊക്കെ വകുപ്പുകളിലേക്കാണ് നിയമനം ആവശ്യപ്പെട്ടതെന്നും വിശദാംശം അറിയിക്കുമോ ;

(സി) ഈ അപേക്ഷകളിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

ചാല ടാങ്കർ ലോറി ദുരന്തത്തിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് ജോലി

34 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

ചാല ടാങ്കർ ലോറിദുരന്തത്തിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് ജോലി നൽകുമെന്ന് ബഹു. മുഖ്യമന്ത്രി നൽകിയ ഉറപ്പ് പാലിക്കപ്പെടാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 09.06.2014–ലെ മറുപടിക്ക്

<u>മന്ത്രിമാരുടെ മൊബൈൽ ബിൽ</u>

35 ശ്രീ. കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മുഖ്യമന്ത്രിയുടെയും ഓരോ മന്ത്രിയുടെയും ഓഫീസുകളിലെയും വീടുകളിലെയും മൊബൈൽ ഫോൺ ബിൽ എത്ര വീതമാണെന്ന് മാസാടിസ്ഥാനത്തിൽ വിശദമാക്കാമൊ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

<u>പേഴ്സണൽ അസറ്റ്സ് വെളിപ്പെടുത്തിയിട്ടില്ലാത്ത മന്ത്രിമാർ</u>

36 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പേഴ്സണൽ അസറ്റ്സ് സർക്കാർ വെബ് പോർട്ടലിൽ വെളിപ്പെടുത്തിയിട്ടില്ലാത്ത സംസ്ഥാന മന്ത്രിമാർ ആരൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) സർക്കാർ വെബ് പോർട്ടലിൽ വെളിപ്പെടുത്തപ്പെട്ടവരുടെ അസറ്റ്സ് 2014-15 ലേത് പുതുക്കി നല്കിയിട്ടുണ്ടോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>സര്‍ക്കാര്‍ വാഹനങ്ങളുടെ ദുരുപയോഗം</u>

37 ശ്രീ. ജി. സുധാകരന്‍
,, പി. റ്റി. എ. റഹീം
,, കെ. കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)
,, ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ വാഹനങ്ങളുടെ ദുരുപയോഗം തടയാന്‍ നടപടി സ്വീകരിക്കുമോ ;

(ബി) ഇതിനായി സര്‍ക്കാര്‍ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച വ്യവസ്ഥകളില്‍ മാറ്റം വരുത്താന്‍ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഔദ്യോഗിക വാഹനങ്ങളിലെ ഉല്ലാസയാത്ര ഉള്‍പ്പെടെയുള്ള ദുരുപയോഗങ്ങള്‍ വര്‍ദ്ധിക്കാനിടയായ സാഹചര്യം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ഡി) ധനവകുപ്പ് ഒരു ദിവസം ശരാശരി എത്ര സര്‍ക്കാര്‍ വാഹനങ്ങള്‍ പരിശോധിച്ച് റിപ്പോര്‍ട്ട് നല്‍കി വരുന്നുണ്ട് ;

(ഇ) വാഹനങ്ങളുടെ ദുരുപയോഗം തടയാന്‍ ഏര്‍പ്പെടുത്തിയ മാര്‍ഗ്ഗങ്ങള്‍ എന്തെല്ലാമാണ് ;

(എഫ്) ഒന്നില്‍ കൂടുതല്‍ സര്‍ക്കാര്‍ വാഹനം ഉപയോഗിച്ചു പോരുന്ന മന്ത്രിമാരും ഉദ്യോഗസ്ഥരും ഉണ്ടോ ; വിശദമാക്കാമോ ;

(ജി) സര്‍ക്കാര്‍ നല്‍കിയ വാഹനത്തിനു പുറമേ പൊതുമേഖലാസ്ഥാപനങ്ങളുടെ വാഹനം കൂടി ഉപയോഗിച്ചുവരുന്നവര്‍ ആരൊക്കെയാണ് ?

# കേരള നിയമസഭ
# 09.06.2014–ലെ മറുപടിക്ക്

<u>ഔദ്യോഗിക വാഹനം വാങ്ങിയ ചെലവ്</u>

38 ശ്രീ. കെ.കെ.ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മുഖ്യമന്ത്രി, മന്ത്രിമാർ, ചീഫ് വിപ്പ്, മുന്നോക്ക സമുദായ വികസ കോർപ്പറേഷൻ ചെയർമാൻ എന്നിവർക്കായി എത്ര വാഹനങ്ങൾ വാങ്ങി; ഏതെല്ലാം ഇനത്തിൽപ്പെട്ട വാഹനങ്ങളാണ് വാങ്ങിയത്; ഇതിനായി എന്ത് തുക ചെലവായി; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വാഹനങ്ങൾ ഓരോന്നും ഇപ്പോൾ ആരെല്ലാമാണ് ഉപയോഗിക്കുന്നതെന്ന് വ്യക്തമാക്കാമോ;

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടേയും മന്ത്രിമാരുടേയും ചിഫ് വിപ്പിന്റേയും ഔദ്യോഗിക വസതികളുടെ ചെലവ്</u>

39 ശ്രീ. കെ.കെ.ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മന്ത്രിമാരുടേയും മുഖ്യമന്ത്രിയുടേയും ചീഫ് വിപ്പിന്റേയും ഔദ്യോഗിക വസതികളുടെ അറ്റകുറ്റപ്പണിക്കും മോടിപിടിപ്പിക്കലിനുമായി ഏതെല്ലാം വകുപ്പുകൾ വഴി എന്ത് തുക നാളിതുവരെ ചെലവായിട്ടുണ്ട്;

(ബി) ഓരോ വസതിയിലും എത്ര തവണ അറ്റകുറ്റപ്പണിയും മോടിപിടിപ്പിക്കലും നടത്തിയെന്ന് വ്യക്തമാക്കാമോ;

(സി) ഔദ്യോഗിക വസതിയ്ക്കായി സർക്കാർ വാടകയ്ക്കെടുത്ത കെട്ടിടത്തിൽ നടത്തിയ വർക്കുകളുടേയും വാങ്ങിയ സാധനങ്ങളുടേയും ചെലവ് എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ കാലയളവിൽ ഇവർ ഓരോരുത്തർക്കുവേണ്ടി ഓഫീസ്, ഔദ്യോഗിക വസതി എന്നിവിടങ്ങളിലെ ടെലഫോൺ ചാർജ് ഇനത്തിലും മോബൈൽ ഫോൺ ചാർജ്ജിനത്തിലും ചെലവായ തുക എത്രയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക ചെലവ്</u>

40 ശ്രീ. വി. റ്റി. ബൽറാം
,, ഡൊമിനിക് പ്രസന്റേഷൻ
,, വർക്കല കഹാർ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക വസതി മോടിപിടിപ്പിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും എന്ത് തുക ചെലവഴിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ടെലഫോൺ, അതിഥി സൽക്കാരം, യാത്രാബത്ത എന്നീ ഇനങ്ങളിൽ ചെലവായ തുക എത്രയാണെന്ന് വിശദമാക്കുമോ;

(സി) ഔദ്യോഗിക വസതിയിൽ സാധന സാമഗ്രികൾ വാങ്ങുന്നതിന് ചെലവായ തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രതിപക്ഷ നേതാവിന്റെ പേഴ്സണൽ സ്റ്റാഫിൽ നിന്ന് ആരെയെല്ലാം ഒഴിവാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രി, മന്ത്രിമാർ, ഗവ. ചീഫ് വിപ്പ് എന്നിവർ കൈപ്പറ്റിയ യാത്രാപ്പടി</u>

41 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

2011 ജൂൺ മുതൽ 2014 മാർച്ച് വരെ മുഖ്യമന്ത്രി, മന്ത്രിമാർ, ഗവ. ചീഫ് വിപ്പ് എന്നിവർ കൈപ്പറ്റിയ യാത്രാപ്പടി എത്രയെന്ന് വെവ്വേറെ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 09.06.2014–ലെ മറുപടിക്ക്

<u>മന്ത്രിമാരുടെ വിദേശയാത്ര</u>

42 ശ്രീ. കെ.കെ നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മുഖ്യമന്ത്രി ഉൾപ്പെടെ ഏതെല്ലാം മന്ത്രിമാർ വിദേശരാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്;

(ബി) ഇത് ഏതെല്ലാം രാജ്യങ്ങളാണെന്നും എപ്പോഴൊക്കെയാണ് സന്ദർശിച്ചിട്ടുളളത് എന്ന് വിശദമാക്കാമോ;

(സി) ഈ വിദേശയാത്രകളിൽ മന്ത്രിമാരെ ആരെല്ലാം അനുഗമിച്ചിട്ടുണ്ട് എന്ന് പ്രത്യേകം വിശദമാക്കാമോ?

## കേരള നിയമസഭ
## 09.06.2014–ലെ മറുപടിക്ക്

<u>മുഖ്യമന്ത്രി, മന്ത്രിമാർ, ഗവ:ചീഫ്വിപ്പ് എന്നിവർ അതിഥി സൽക്കാരത്തിനു ചെലവഴിച്ച തുക</u>

43 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2014 മാർച്ച് 31 വരെ മുഖ്യമന്ത്രി, മന്ത്രിമാർ, ഗവ: ചീഫ്വിപ്പ് എന്നിവർ അതിഥി സൽക്കാരത്തിനു ആകെ ചെലവഴിച്ച തുക എത്രയെന്നു വ്യക്തമാക്കാമോ; ഓരോരുത്തരുടേയും ചെലവുകൾ പ്രത്യേകം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയും മന്ത്രിമാരും നടത്തിയ വിദേശ പര്യടനം</u>

44 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം മുഖ്യമന്ത്രിയും മന്ത്രിമാരും എത്ര തവണ വിദേശ പര്യടനം നടത്തി;

(ബി) മുഖ്യമന്ത്രിയും മന്ത്രിമാരും സന്ദർശിച്ച വിദേശ രാജ്യങ്ങളും അതിനായി ഓരോരുത്തരും ചെലവഴിച്ച തുകയും എത്ര വീതമാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ കാലയളവിൽ മുഖ്യമന്ത്രിയും മന്ത്രിമാരും നടത്തിയ സൽക്കാരത്തിന്റെയും ഔദ്യോഗിക വസതിയിൽ ഉപയോഗിച്ച വൈദ്യുതിയുടേയും ടെലഫോണിന്റെയും ചെലവുകൾ എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>ഐ. എ. എസ് ഉദ്യോഗസ്ഥ സംവിധാനം</u>

45 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിവിൽ സർവ്വീസിൽ എത്ര ഐ. എ. എസ് ഉദ്യോഗസ്ഥർ പ്രവർത്തിക്കുന്നുണ്ടെന്നും അവരിൽ കേരള കേഡറിൽ ഉൾപ്പെട്ടവർ എത്രയെന്നും വ്യക്തമാക്കുമോ;

(ബി) കേരള കേഡറിൽ നിന്നും ഡെപ്യൂട്ടേഷനിൽ പോയ എത്ര ഐ. എ. എസുകാർ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഐ. എ. എസ് റാങ്കിൽ നിന്നും റിട്ടയർ ചെയ്ത എത്ര ഉദ്യോഗസ്ഥർ സർക്കാരിന്റെ ചുമതലകൾ വഹിക്കുന്നുണ്ടെന്നും അവർ ആരൊക്കെയെന്നും എന്തെല്ലാം ചുമതലകളാണ് വഹിക്കുന്നതെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 09.06.2014–ലെ മറുപടിക്ക്

<u>സംസ്ഥാന കേഡറിലെ ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്, ഐ.ആർ.എസ് ഉദ്യോഗസ്ഥർ</u>

46 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കേഡറിൽ എത്ര ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്., ഐ.ആർ.എസ് ഉദ്യോഗസ്ഥർ നിലവിലുണ്ട് ;

(ബി) ഇവരിൽ എത്രപേർ സംസ്ഥാന സർക്കാരിന്റെ വകുപ്പുകളിൽ പ്രവർത്തിക്കുന്നുവെന്നും, ഡെപ്യൂട്ടേഷനിൽ സംസ്ഥാനത്തിനകത്തു പ്രവർത്തിക്കുന്നവർ എത്ര പേർ എന്നും, കേന്ദ്ര സർവ്വീസിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ പ്രവർത്തിക്കുന്നവർ എത്ര പേർ എന്നും തരംതിരിച്ച് വ്യക്തമാക്കുമോ ;

